**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2314** **12-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് സാഹചര്യത്തിൽ നൽകിയ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് പെൻഷനുകൾ ഒന്നും ലഭിക്കാത്തതും ക്ഷേമനിധി ബോർഡുകളിൽ അംഗമല്ലാത്തതുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോവിഡ് സാഹചര്യത്തിൽ രണ്ട് ഘട്ടങ്ങളിലായി ആയിരംരൂപ വീതം ധനസഹായം നൽകിയ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ എങ്ങനെയാണ് തിരഞ്ഞെടുത്തത്; | (എ) | സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങൾ സംബന്ധിച്ച ഡേറ്റാ ബേസും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഡേറ്റാബേസും താരതമ്യം ചെയ്ത്, ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന അംഗങ്ങളുള്ള ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങളെ ഒഴിവാക്കിക്കൊണ്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ പട്ടിക പ്രകാരമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. |
| (ബി) | ഏത് വകുപ്പ് മുഖേനയാണ് അപേക്ഷ സ്വീകരിച്ചിരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങൾ സംബന്ധിച്ച ഡേറ്റാ ബേസും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഡേറ്റാബേസും താരതമ്യം ചെയ്ത്, ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന അംഗങ്ങളുള്ള ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങളെ ഒഴിവാക്കിക്കൊണ്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ പട്ടിക പ്രകാരമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. |
| (സി) | അർഹത ഉണ്ടായിട്ടും പ്രസ്തുത ആനുകൂല്യം ലഭിക്കാതിരുന്നവർക്ക് ഇനി അപേക്ഷിക്കാനുള്ള സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്ന് വിശദമാക്കാമോ? | (സി) | സൂക്ഷ്മ പരിശോധനയിൽ കൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ധന സഹായം ലഭിച്ചില്ലായെന്നുള്ള പരാതികളിന്മേൽ സിവിൽ സപ്ലൈസ് ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടുണ്ട്. |

സെക്ഷൻ ഓഫീസർ